# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 19, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

### സി.പി.ഐ (എം) പുനലൂർ ഏരിയ കമ്മിറ്റി അംഗം എം.എ. അഷറഫിന്റെ കൊലപാതകം

മി. സ്പീക്കർ: സി.പി.ഐ (എം) പുനലൂർ ഏരിയ കമ്മിറ്റി അംഗവും അറയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റുമായ എം.എ. അഷറഫിനെ ഇന്നലെ ഒൻപതര മണിക്ക് ഒരു സംഘം എൻ.ഡി.എഫ് പ്രവർത്തകർ വീട്ടിൽ കയറി പിതാവിന്റെയും പിഞ്ചു മക്കളുടെയും മുമ്പിലിട്ട് വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തെത്തുടർന്നുണ്ടായിട്ടുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുക്കൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, വി.സി. കബീർ, കോവൂർ കുഞ്ഞുമോൻ, കെ.പി. മോഹനൻ, ഡോ. കെ.സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നല്കിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കൊല്ലം തടിക്കടവ് പത്തടി പള്ളിയിൽ മുഹമ്മദ് ഹനീഫയുടെ മകൻ അഷറഫിനെ 18-7-2002- രാത്രി 10 മണിയോടുകൂടി ഒരു സംഘം എൻ.ഡി.എഫ്. പ്രവർത്തകർ വെട്ടി പരിക്കേല്പിക്കുകയും വീടിന്റെ പരിസരത്ത് പടക്കമെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തതിനെത്തുടർന്ന് ആശുപത്രിയിൽ ചികിത്സയ്ക്കു കൊണ്ടുപോയി എങ്കിലും അഷറഫ് മരണപ്പെടുകയാണുണ്ടായത്. ഈ കാര്യത്തിൽ അഞ്ചൽ പോലീസ് സ്ഫോടകവസ്തു നിരോധന നിയമത്തിലേയും ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരവും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പെൺകുട്ടിയെ കളിയാക്കി എന്നതിന്റെ പേരിൽ എൻ.ഡി.എഫ്, സി.പി.ഐ (എം) പ്രവർത്തകർ തമ്മിൽ വാക്ക് തർക്കമുണ്ടായിരുന്നു. പ്രസ്തുത വാക്ക് തർക്കം പറഞ്ഞുതീർക്കാൻ സി.പി.ഐ (എം) പുനലൂർ ഏരിയ കമ്മിറ്റി അംഗമായ അഷറഫുമായി സംസാരിച്ചു, എൻ.ഡി.എഫ്. പ്രവർത്തകർക്കുള്ള വിരോധംമൂലമാണ് ആക്രമിക്കാനിടയായത്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലത്തെത്തി സുശക്തമായ പോലീസ് ബന്തവസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യുന്നതിന് പോലീസ് ഊർജ്ജിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കൊല്ലം ജില്ലയിലെ പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഇടമുളയ്ക്കൽ പഞ്ചായത്തിൽ തടിക്കടവ് എന്ന സ്ഥലത്ത് ഇന്നലെ രാത്രി ഒൻപതര മണിക്ക് സി.പി.ഐ (എം) ഏരിയ കമ്മിറ്റി അംഗമായ സഖാവ് അഷറഫിന്റെ വീട്ടിനകത്ത് ഒരു സംഘം അക്രമികൾ അതിക്രമിച്ച് കടന്നുകയറി. സ്വന്തം പിതാവിന്റെയും പിഞ്ചുമക്കളുടെയും മുമ്പിൽവച്ച് അദ്ദേഹത്തെ മൃഗീയമായി കൊലപ്പെടുത്തുകയുണ്ടായി. സംഭവത്തിനുശേഷം ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അക്രമികൾ രക്ഷപ്പെട്ടു. ആ പ്രദേശത്താകെ സംഘർഷാവസ്ഥ നിലനില്ക്കുകയാണ്. തടിക്കടവ് പള്ളി കേന്ദ്രീകരിച്ച് എൻ.ഡി.എഫ് റൗഡിസംഘം ആയുധപരിശീലനം നടത്തുന്നുണ്ട്. ഇത് സംബന്ധിച്ച് പോലീസിൽ വിവരം നല്കിയിട്ടും ആയുധ പരിശീലനം തടയുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ വ്യാപകമായി ആയുധപരിശീലനവും ബോംബ് ശേഖരണവും നടക്കുന്നുണ്ട്. ആർ.എസ്.എസ്, പി.ഡി.പി. അക്രമികൾ ഈ സംസ്ഥാനത്ത് സ്വൈരവിഹാരം നടത്തിവരുന്നു. പ്രസ്തുത സംഭവം നടന്നിട്ട് 14 മണിക്കൂർ ആയിട്ടും ഇതുവരെ ഒറ്റ പ്രതിയേയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. പുനലൂരിലും പരിസര പ്രദേശങ്ങളിലും ഇന്ന് ഹർത്താലാചരിക്കുകയാണ്. സംഘർഷം ആകെ വ്യാപിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഈ സംഭവത്തെക്കുറിച്ച് ഇന്നലെ അറിഞ്ഞയുടൻതന്നെ പോലീസിന് വ്യക്തമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. പോലീസ് അവിടെ ക്യാംപ് ചെയ്യുന്നുണ്ട്. ഇതിനുത്തരവാദികളായിട്ടുള്ളവരെ ഉടനെ അറസ്റ്റ് ചെയ്യാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരു രാഷ്ട്രീയ പാർട്ടിക്കും ഒരു തീവ്രവാദിസംഘടനയ്ക്കും നിയമപ്രകാരമല്ലാതെ ആയുധശേഖരണം പാടില്ല എന്നതാണ് ഗവൺമെന്റിന്റെ നയം. അർഹിക്കുന്ന ഗൗരവത്തോടുകൂടി കേസ് അന്വേഷിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്.അച്ചുതാനന്ദൻ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, ഡോ. എ.നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ്. എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം സഭയിൽ തിരിച്ചുവരികയും ചെയ്തു.

## ശ്രദ്ധക്ഷണിക്കൽ

(1) നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശം

ശ്രീ.മാങ്കോട് രാധാകൃഷ്ണൻ: മലയോരപ്രദേശമായ നെടുമങ്ങാട് താലൂക്കിൽ രൂക്ഷമായ യാത്രാക്ലേശം അനുഭവപ്പെടുകയാണ്. തിരുവനന്തപുരം ജില്ലയിൽ ട്രെയിൻ സർവ്വീസ് ഇല്ലാത്തതും പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ടതുമായ ഈ താലൂക്കിൽ പ്രൈവറ്റ് ബസ് സർവ്വീസുകൾ അനുവദിച്ചിട്ടില്ല. ആ പ്രദേശത്തെ ജനങ്ങളുടെ യാത്രാക്ലേശത്തിന് ഒരു പരിധിവരെ ആശ്വാസമേകിയിരുന്ന സമാന്തര സർവ്വീസുകളും അനുവദിക്കുന്നില്ല. മൂന്നു ഡിപ്പോകളും മൂന്നു ഓപ്പറേറ്റിംഗ് സെന്ററുകളും 91 ഷെഡ്യൂളുകളും 70 ബസുകളും അനുവദിച്ചിട്ടുണ്ടെങ്കിലും 61 ഷെഡ്യൂളുകളിലായി 56 ബസുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. ആവശ്യത്തിനുള്ള മെക്കാനിക്കുകളേയോ ജീവനക്കാരേയോ നിയമിച്ചിട്ടില്ല. നെടുമങ്ങാട് ഡിപ്പോയിൽ സ്ഥലപരിമിതിയും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. വക ടൗണിലുള്ള 5.5 ഏക്കർ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ ബഹുനില ഓഫീസ് മന്ദിരം പണിയുന്നതിനും നെടുമങ്ങാട്-തിരുവനന്തപുരം റൂട്ടിലേക്ക് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും യാത്രാക്ലേശവും ശോച്യാവസ്ഥയും പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ.കെ.ബി. ഗണേഷ്കുമാർ): കെ.എസ്.ആർ.ടി.സി-യെ മൊത്തത്തിൽ ബാധിച്ചിട്ടുള്ള പ്രശ്നങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അവയെല്ലാം ഘട്ടംഘട്ടമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശസാൽക്കൃത റൂട്ടിൽ സ്വകാര്യ ബസ് സർവ്വീസുകൾ അനുവദിക്കാൻ പാടില്ലെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. നിയമവിരുദ്ധമായ സമാന്തര സർവ്വീസുകൾ കർശനമായി തടയണമെന്ന്

പ്രതിപക്ഷ നേതാവടക്കം ആവശ്യപ്പെട്ടിട്ടുമുണ്ട്. നെടുമങ്ങാട് താലൂക്കിലെ വെഞ്ഞാറമ്മൂട്, ആര്യനാട് എന്നിവിടങ്ങളിൽനിന്ന് നെടുമങ്ങാട് ഭാഗത്തേയ്ക്ക് കൂടുതൽ ബസു സർവ്വീസുകൾ നടത്താനായി ഏർപ്പാട് ചെയ്തിട്ടുണ്ട്. പേരൂർക്കട ഡിപ്പോയിൽനിന്നും നെടുമങ്ങാട് ഭാഗത്തേയ്ക്ക് കൂടുതൽ സർവീസ് നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ ബഹുനില ഓഫീസ് മന്ദിരം പണിയുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് കഴിയില്ലെങ്കിലും സ്വകാര്യ ഏജൻസികളുടേയോ മുനിസിപ്പാലിറ്റിയുടേയോ സഹായത്തോടെ ആ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറാണ്. മലയോരപ്രദേശങ്ങൾ ഉൾപ്പെടെ മുഴുവൻ ദേശസാൽക്കൃത റൂട്ടുകളിലും മിനി ബസ് സർവ്വീസുകളടക്കം കൂടുതൽ വാഹനങ്ങൾ ഓടിക്കുന്ന കാര്യവും കൂടുതൽ മിനി ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് നെടുമങ്ങാട് ഡിപ്പോയ്ക്കും നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(2) അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

ശ്രീ. സി. മൊയിൻകുട്ടി: അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 1,93,59,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇതിനുവേണ്ടി മുൻ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് 3,38,73,000 രൂപ ആവശ്യമാണ്. അതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തണം. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയ എല്ലാ അനാഥാലയങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് ഗ്രാന്റ് കൊടുക്കണം. അന്തേവാസികൾക്കുള്ള ഗ്രാന്റ് 100 രൂപയിൽനിന്ന് 150 രൂപയായി വർദ്ധിപ്പിക്കണം. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ചൈൽഡ് വെൽഫെയർ ബിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി): 1–2–1996–ൽ അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് 85 രൂപയിൽനിന്ന് 100 രൂപയാക്കി വർദ്ധിപ്പിച്ചശേഷം വർദ്ധനവുണ്ടായിട്ടില്ല; ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഈ കാര്യം ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 1995 മുതൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയ ഓർഫനേജുകൾക്ക് ഗ്രാന്റ് കൊടുക്കണമെന്നുള്ള ആവശ്യവും ഗവൺമെന്റിന്റെ പരിശോധനയിലാണ്. കഴിഞ്ഞ വർഷത്തെ പ്പോലെ അനാഥാലയങ്ങളിലെ അന്തേവാസികളുടെ കുടിശ്ശിക ഗ്രാന്റ് പരമാവധി കൊടുക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കാം. ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം ഈ കാര്യങ്ങളെ കാണുന്നുണ്ട്.

## സബ്മിഷൻ

(1) കേരള പൊതുവില്പന നികുതി നിയമത്തിലെ 30(സി) വകുപ്പ് റദ്ദാക്കിയതുമൂലം ഉളവായ സ്ഥിതിവിശേഷം

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേരള പൊതുവില്പന നികുതി നിയമത്തിലെ 30(സി) വകുപ്പ് ഭരണഘടനാവിരുദ്ധമാണെന്നുള്ള ഹൈക്കോടതി ഉത്തരവുമൂലം കള്ളക്കടത്തുകാർക്ക് കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്ന

തിനുള്ള സൗകര്യമുണ്ടായിരിക്കുകയാണ്. ഗവൺമെന്റിന്റെയും ഗവൺമെന്റ് പ്ളീഡർമാരുടേയും അനാസ്ഥ കൊണ്ടാണ് ഇങ്ങനെ ഒരു ഉത്തരവുണ്ടായത്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): കെ.ജി.എസ്. ടി. യിലെ 30(സി) വകുപ്പ് ഹൈക്കോടതി ക്വാഷ് ചെയ്താലും ഈ നിയമത്തിലെ 29-ാം വകുപ്പനു സരിച്ച് ഈവക കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള അവസരമുണ്ട്. ഹൈക്കോടതിയുടെ വിധിപ്പകർപ്പ് കിട്ടിയശേഷം ഇതിനെതിരെ സുപ്രീംകോടതിയിൽ പോകാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടി മുന്നോട്ടുപോകുന്ന താണ്.

(2) മൈത്രീ ഭവന പദ്ധതി

ശ്രീ.ടി.യു. രാധാകൃഷ്ണൻ: മൈത്രീ ഭവന പദ്ധതി പ്രകാരം നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചില വീടുകളുടെ വിസ്തൃതി ഹൗസിംഗ് ബോർഡിന്റെ നോംസിനെക്കാളും കൂടുതലായതിനാൽ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവും മൂന്നാം ഗഡുവും കൊടുക്കുകയില്ലെന്ന് അറിയിച്ചു കൊണ്ടും അവർ ഇതുവരെ വാങ്ങിയ തുകയിൽ കൂടുതൽ തിരിച്ചടവ് ആവശ്യപ്പെട്ടുകൊണ്ടും നോട്ടീസ് ലഭിച്ച സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്കുവേണ്ടി നിർമ്മിക്കുന്ന വീടുകളുടെ തറവിസ്തീർണ്ണം 50 സ്ക്വ:മീറ്ററിൽ കൂടാൻ പാടില്ലെന്നാണ് നിയമം. സ്വന്തം പണം ഉപയോഗിച്ചായാലും ഈ നിബന്ധന മറികടന്ന് കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ പണിതാൽ അവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പരിധിയ്ക്ക് പുറത്തുപോകുന്നതുകൊണ്ട് പലിശനിരക്ക് വർദ്ധിക്കും. ഇത് കറക്ട് ചെയ്യാൻ ബുദ്ധിമുട്ടാണ്.

(3) വ്യാപാരി-വ്യവസായികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വ്യാപാരി-വ്യവസായി ക്ഷേമനിധി ബോർഡിൽനിന്ന് യാതൊരുവിധ ആനുകൂല്യവും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നില്ല. ബോർഡിന്റെ പ്രവർത്തനം തുടരുന്നതിന് യാതൊരു തടസ്സവും നിലവിലില്ലെങ്കിലും ബോർഡ്യോഗം വിളിച്ചു
കൂട്ടുന്നില്ല. മരണാനന്തര ആനുകൂല്യമായി 90 ലക്ഷം രൂപയുടെ കുടിശ്ശിക ആശ്രിതർക്ക് നൽകാ നുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 1992-ൽ രൂപീകരിച്ച വ്യാപാരി-വ്യവസായി ക്ഷേമനിധി ബോർഡിന്റെ അവസാന യോഗം ചേർന്നത്

1998–ലാണ്. ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഗൗരവപൂർവ്വം പരിഗണിച്ച് ഉടനടി ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(4) ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ ശോച്യാവസ്ഥ

ശ്രീ. സി.പി. മുഹമ്മദ്: ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ പ്രവർത്തനരഹിതമായി ക്കിടക്കുന്ന ഓഫ്സെറ്റ് പ്രസ്സ് പ്രവർത്തിപ്പിക്കാനും പ്രസ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കാനും ആവശ്യമായ ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണം.

പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് ഓഫ്സെറ്റ് മെഷീനുകളിൽ ഒന്ന് യന്ത്രത്തകരാറുമൂലം പ്രവർത്തനരഹിതമാണ്. പ്രസ്തുത മെഷീന്റെ നിർമ്മാതാക്കളായ മെസേഴ്സ് മഹാവീർ കമ്പനിക്ക് അച്ചടി വകുപ്പ് വിവിധയിനങ്ങളിലായി നേരത്തേ നൽകാനുണ്ടായിരുന്ന തുകകൾ ട്രഷറി നിയന്ത്രണംമൂലം നൽകാൻ കഴിയാത്തതുകൊണ്ടാണ് അവർ ആ മെഷീൻ റിപ്പയർ ചെയ്യാത്തത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്നതനുസരിച്ച് പ്രസ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടിയെടുക്കുന്നതാണ്.

(5) ചാലിക്കടവ് പാലം

ശ്രീ. ജോണി നെല്ലൂർ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ചാലിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടി എത്രയുംവേഗം പൂർത്തീകരിച്ച് പാലം പണി ആരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ചാലിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2002–03 വർഷത്തെ ബഡ്ജറ്റിൽ 55 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. പാലംപണിക്കാവശ്യമായ സ്ഥലം അർജൻസി ക്ളാസിൽ അക്വയർ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ അലൈൻമെന്റിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിക്കഴിഞ്ഞു. ഡിസൈൻ തയ്യാറാക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയായാലുടൻ പാലം പണി ആരംഭിക്കുന്നതാണ്.

## ക്രമപ്രശ്നം

ചോദ്യവുമായി ബന്ധപ്പെട്ട പ്രശ്നം പൊതുതാല്പര്യമുള്ളതാണെങ്കിൽ സഭയിൽ ചർച്ച ചെയ്യപ്പെടണമെന്ന ആവശ്യം

ശ്രീ. എ.കെ. ബാലൻ: ചോദ്യവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം പൊതുതാല്പര്യമുള്ള താണെങ്കിൽ നിലവിലുള്ള റൂൾ പ്രകാരം അതു സഭയിൽ ചർച്ച ചെയ്യപ്പെടണം. റൂൾ 49, 50, 58

ഇതിൽ ഏതാണ് ഇവോക്ക് ചെയ്യേണ്ടതെന്ന് ചെയർ തീരുമാനിച്ചാൽ മതി. 25–6–2002–ൽ പിന്നോക്ക–പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെവന്ന തുക ട്രഷറിയിൽനിന്ന് പിൻവലിച്ചത് ചെലവഴിക്കാൻ 30–6–2002 വരെ സമയം അനുവദിച്ചിട്ടുണ്ടെന്ന് പറയുന്നു. അതിനുശഷം,1–7–2002 മുതൽ ഈ പണം ആര് സൂക്ഷിക്കുന്നു, ഇപ്പോൾ ആരുടെ കയ്യിലാണ് എന്നു വ്യക്തമാക്കണം. ട്രഷറിയിൽനിന്ന് പണം പിൻവലിക്കുകയും ഉദ്യോഗസ്ഥന്മാരുടെ കൈകളിലേയ്ക്ക് പോകാൻ ഇടയാക്കുകയുംചെയ്ത ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് ഈ സഭയിൽ ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u>: സഭയിൽ ചർച്ച അനുവദിക്കുന്നതിന് സ്പീക്കർക്ക് ചട്ടങ്ങളിൽ ചില അധികാരങ്ങൾ നൽകിയിട്ടുണ്ടെങ്കിലും കീഴ്വഴക്കമനുസരിച്ച് ബി.എ.സി.യിൽ തീരുമാനിച്ചാലേ ചർച്ച നടത്താൻ കഴിയൂ. ഇതെപ്പറ്റി ഒരുമണിക്കൂർ ചർച്ച ആകാമെന്നാണ് ബി.എ.സി.യിൽ തീരുമാനിച്ചത്; അതനുസരിച്ചുള്ള ചർച്ച നടക്കുന്നതാണ്. ഈ പ്രശ്നം ഇന്നലെ ഇവിടെ ഉന്നയിച്ചപ്പോൾത്തന്നെ അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിനാൽ പോയിന്റ് ഓഫ് ഓർഡറിന് പ്രസക്തിയില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഇതിനെക്കുറിച്ച് അന്വേഷണം നടത്താമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞുവെങ്കിലും ഏത് രൂപത്തിലുള്ള അന്വേഷണമാണ നടത്താൻ പോകുന്നതെന്ന് വ്യക്തമാക്കിയില്ല. 38 കോടിയോളം രൂപ 24 ദിവസവും 18 കോടിയോളം രൂപ രണ്ടേമുക്കാൽ മാസവും കൈവശം വച്ചിരുന്നു. 9–7–2002–ൽ പ്രതിപക്ഷം ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആരെയും ഏൽപിച്ചിട്ടില്ലെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. ഇന്ന് തീയതി 19 ആയിരിക്കുന്നു. 12 ദിവസമായി ഈ പണം ആരുടെ കൈയിലാണെന്ന് അറിയണം. ധനകാര്യമന്ത്രി തെറ്റ് സമ്മതിച്ച് അന്വേഷണം നടത്താമെന്ന് പറഞ്ഞു. അതിന്റെ സംവിധാനം എന്താണെന്ന് വ്യക്തമാക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.കെ. ശങ്കരനാരായണൻ)</u> : ഇന്നലെ ത്തന്നെ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞു. അന്വേഷണം ഏത് വിധത്തിലായിരി ക്കുമെന്നത് ഗവൺമെന്റ് ആലോചിച്ച് പറയുന്നതാണ്.

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : ''എപ്പോഴെങ്കിലും അന്വേഷിക്കു''മെന്ന് പറയുന്നത് ശരിയല്ല. പ്രശ്നത്തെ ലാഘവബുദ്ധിയോടുകൂടി കാണരുത്.

<u>മി സ്പീക്കർ</u> : ഇന്നലെ ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞു. അത് ഏത് വിധത്തിലായിരിക്കുമെന്ന് സഭയിൽ പറയും.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): തെറ്റ് അഡ്മിറ്റ് ചെയ്തുകൊണ്ട് അന്വേഷിക്കാമെന്ന് പറഞ്ഞു. അതിന് ചില നടപടിക്രമങ്ങൾ ഉണ്ട്, ഗവൺമെന്റ് ആലോചിച്ച് ഉത്തരം പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ.എ.കെ. ബാലന് കൊടുത്ത മറുപടിയിൽ 30-6-2002 വരെ അനുവാദം കൊടുത്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞിട്ടുണ്ട്. അതിനുശേഷം 19 ദിവസമായിട്ട് ഈ പണം ആരുടെ കൈയിലാണ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കണം.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ഇത്ര ദിവസത്തിനകം മറുപടി പറയുമെന്ന് കോൺക്രീറ്റായിട്ട് പറയണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :ഗവൺമെന്റിനുവേണ്ടി ഉത്തരവാദിത്വത്തോടുകൂടി അന്വേഷിക്കാമെന്ന് സഭയിൽ പറഞ്ഞുകഴിഞ്ഞു. അതിന് ചില സംവിധാനങ്ങളും നടപടിക്രമങ്ങളും ഉണ്ട്. താമസംവിനാ മറുപടി പറയും.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.)

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ) : 30-6-2002 വരെ ഇപ്രകാരം ഡ്രാ ചെയ്ത പണം ചെലവഴിക്കാൻ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ട്. അതിനുശേഷം മിച്ചമുള്ള മുഴുവൻ തുകയും ട്രഷറിയിൽ അടയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടച്ചുവെന്നാണ് അറിയുന്നത്.

മി.സ്പീക്കർ : ഏതായാലും അന്വേഷിക്കാമെന്ന് പറഞ്ഞു. മാത്രമല്ല, ആ പണം ട്രഷറിയിൽ അടച്ചിട്ടുണ്ടെന്നും പറഞ്ഞു.

## റിപ്പോർട്ട് സമർപ്പണം

2002-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(പ്രതിപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നതിനാൽ മറ്റു നടപടികളിലേയ്ക്ക് കടക്കാതെ സഭ പിരിഞ്ഞു.)

സഭ രാവിലെ 10.26-ന് പിരിഞ്ഞു.

.........